# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/3334/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.04-01-2007

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ചെലേമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എം.എ.

നം. കെ.എസ്.എ.എം.പി.എം.6/3334/2016

തിയ്യതി:04-01-2017

# മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 16.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-11-2016 മുതൽ 24-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി കെ ശുഭാദേവി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സിന്ധു . ഐ | ഓഡിറ്റർ |
| ശ്രീ. ശ്രീകാന്ത്. വി.പി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. കെ.പി ഷാഹിന | 01.04.2015 മുതൽ 31.10.2015 വരെ |
| ഭരണ നിർവഹണ കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| ശ്രീ സി. രാജേഷ് | 19.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ കെ.പി യഹിയ | 01.04.2015 മുതൽ 06.06.2015 വരെ |
| ശ്രീ. കെ ഗോപിനാഥൻ (ചുമതല) | 07.06.2015 മുതൽ 19.08.2015 വരെ |
| ശ്രീ ഇ.എം. അബ്ദുൽ അസീസ് | 20.08.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ കെ.പി യഹിയ | 01.04.2015 മുതൽ 06.06.2015 വരെ |
| | ശ്രീ. കെ ഗോപിനാഥൻ (ചുമതല) | 07.06.2015 മുതൽ 19.08.2015 വരെ |
| | ശ്രീ ഇ.എം. അബ്ദുൽ അസീസ് | 20.08.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ ഗോപിനാഥൻ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. തുളസീദാസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി രശ്മി. പി | 01.04.2015 മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി കദീജ കെ | 01.04.2015 മുതൽ 14.11.2015 വരെ |
| | ശ്രീമതി ജമീല സി.ഒ.ടി | 15.11.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ എം.പി രാജേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രശ്മി . ആർ | 01.04.2015 മുതൽ 30.04.2015 വരെ, 04.03.2016 മുതൽ 31.03.2016 വരെ |
| | ശ്രീമതി. സജിനി . ഒ | 01.05.2015 മുതൽ 03.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. ഷാജി അറക്കൽ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അൽസാ മറിയം | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. പി.ജി രാജപ്പൻ | 01.04.2015 മുതൽ 22.09.2015 വരെ,<br>23.02.2016 മുതൽ 31.03.2016 വരെ |
| | ശ്രീ. ഗിരീഷ് | 23.09.2015 മുതൽ 22.02.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി | 2-1 | |
| 13 | അൺ എയിഡഡ് സ്കൂളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയില്ല | 2-2 | |
| 14 | റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകിയില്ല | 2-3 | |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ കൃത്യമായ കണക്കില്ല | 2-4 | |
| 16 | അടയ്ക്കാൻ ബാധ്യസ്ഥരായവരെ തൊഴിൽ നികുതിയിൽ | 2-5 | |

| | | | |
|---|---|---|---|
| | നിന്നും ഒഴിവാക്കി | | |
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-6 | |
| 18 | ഡി&ഓ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉറപ്പ് വരുത്തുന്നില്ല | 2-7 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | കുടുംബശ്രീ സംഘടനാ ശാക്തീകരണം- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം | 3-1 | |
| 20 | ആശ്രയഗുണഭോക്താവിന് വാങ്ങി നൽകിയ വസ്തു നിലമായതിനാൽ വീട് നിർമ്മാണം അനിശ്ചിതത്ത്വത്തിൽ | 3-2 | |
| 21 | ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തി. | 3-3 | |
| 22 | ടെണ്ടർ കുറവ് പരിഗണിക്കാതെ പണം നൽകി - തുക തിരിച്ചടച്ചു | 3-4 | |
| 23 | വീട് പുനരുദ്ധാരണത്തിന് സഹായം നൽകുന്നതിന് പകരം വീട് നിർമ്മാണത്തിന് ധനസഹായം നൽകി | 3-5 | |
| 24 | ഭവനനിർമ്മാണത്തിന് ധനസഹായം-അപാകതകൾ | 3-6 | |
| 25 | ആശ്രയ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-7 | |
| 26 | അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത | 3-8 | |
| 27 | വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം - കെൽട്രോണിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല. | 3-9 | |
| 28 | വീട് പുനരുദ്ധാരണം- കാലപ്പഴക്കം നിർണ്ണയിച്ചിട്ടില്ല | 3-10 | |
| 29 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-ഫണ്ട് വിഹിതം പൂർണ്ണമായി ചെലവഴിച്ചില്ല | 3-11 | |
| 30 | THRS ഭക്ഷ്യമിശ്രിതം - ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. | 3-12 | |
| 31 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തി | 3-13 | |

| | | | |
|---|---|---|---|
| 32 | മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ - തുടർപ്രവർത്തനങ്ങൾ നടത്തിയില്ല. | 3-14 | |
| 33 | മരാമത്ത് പ്രവൃത്തി നടത്തിപ്പ് - പൊതു അവലോകനം. | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 25.03.2015 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർന്ന് 30.03.2015 ന് പഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1) പ്രകാരം – ജനവരി 15 നുമ്പായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും നിർദേശങ്ങൾ പരിഗണിച്ച് ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒന്നുംതന്നെ ഇത്തരത്തിലുള്ള ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിച്ചതായും കാണുന്നില്ല.

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന് പിരിച്ചെടുക്കാൻ സർക്കാർ അനുമതി നൽകിയ സേവന നികുതി പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1 എ) - സമർപ്പിക്കപ്പെട്ട നിർദേശങ്ങളും ആവശ്യങ്ങളും പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസം ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കേണ്ടതായിരുന്നുവെങ്കിലും 27.03.2015 ന് മാത്രമാണ് ബജറ്റ് ഭരണസമിതി മുമ്പാകെ അവതരിപ്പിച്ചത്.

സെക്ഷൻ 214(3) പ്രകാരം –ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് . എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്താതെ തന്നെ മുൻവർഷ വരവിനെക്കാൾ വളരെ അധികം തുക ഉൾപ്പെടുത്തിയിരിക്കുന്നു.

ഏതാനും ഇനങ്ങളിലെ വിവരങ്ങൾ താഴെ നൽകുന്നു

| ഇനം | മുൻ വർഷത്തെ യഥാർത്ഥ വരവ് | ബജറ്റിൽ ഉൾപ്പെടുത്തിയത്. |
|---|---|---|
| വസ്തു നികുതി | 2902164 | 6000000 |
| തൊഴിൽ നികുതി. | 2116570 | 2000000 |
| പരസ്യ നികുതി | 15400 | 60000 |

ബജറ്റിൽ വരവ് ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ പാലിക്കാതെ വരവ് കണക്കാക്കിയത്മൂലം ഏതാനും വരവിനങ്ങളിൽ പഞ്ചായത്തിന്റെ തൻവർഷ വരവ് തുകകൾ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചതിനെക്കാൾ വളരെ കുറവാണ്

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥ വരവ് | വ്യത്യാസം(കുറവ്) |
|---|---|---|---|
| വസ്തു നികുതി | 6000000 | 5085767 | 914233 |
| പരസ്യ നികുതി | 60000 | 35050 | 24950 |

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 2015-16 | 31-07-2015 | 08.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി.

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2)സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3) പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ വിവിധ ട്രഷറി അക്കൗണ്ടുകളിലെ വരവ് നീക്കിയിരുപ്പ് എന്നിവ താഴെ നൽകുന്നു. എന്നാൽ AFS ൽ ഈ തുകകൾ മുഴുവനായും വരവ് കാണിക്കാതെ ചെലവ് ചെയ്ത തുക മാത്രം വരവ് ആയി കാണിക്കുകയും , മുമ്പ് വരവ് എടുത്ത തുക ചെലവാകാതെ അവശേഷിച്ചത് ട്രഷറിയിൽ നിന്ന് സർക്കാറിലേക്ക് തിരിച്ചടക്കുകയും ചെയ്തത്മൂലം ഈ ഇനങ്ങളിലെ പഞ്ചായത്തിന്റെ നീക്കിയിരുപ്പ് "പൂജ്യം " ആയാണ് AFS ൽ കാണിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവ് AFS പ്രതിഫലിപ്പിക്കുന്നില്ല.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | AFS പ്രകാരം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4049061 | 22753030 | 26802091 | 10306387 | 16495704 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4741741 | 4577000 | 9318741 | 3626390 | 5692351 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1958306 | 4986000 | 6944306 | 4625429 | 2318877 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1655224 | 2813000 | 4468224 | 2783736 | 1684488 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2999253 | 3552537 | 6551790 | 5591185 | 960605 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1016104 | 0 | 1016104 | 1013925 | 2179 | 0 |

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 49760268.85 |
| വരവ് | 75075583 |

| | |
|---|---|
| ആകെ | 124835851.85 |
| ചെലവ് | 96350579 |
| നീക്കിയിരുപ്പ് | 28485272.85 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ്(TC ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് | AFS പ്രകാരം | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4049061 | 22753030 | 26802091 | 10306387 | 16495704 | 0 | 38.45 |
| വികസനഫണ്ട് എസ്.സി.പി. | 4741741 | 4577000 | 9318741 | 3626390 | 5692351 | 0 | 38.91 |
| വികസനഫണ്ട് ടി.എസ്.പി. | | | 0 | | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 1958306 | 4986000 | 6944306 | 4625429 | 2318877 | 0 | 66.60 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1655224 | 2813000 | 4468224 | 2783736 | 1684488 | 0 | 62.30 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2999253 | 3552537 | 6551790 | 5591185 | 960605 | 0 | 85.34 |
| പെർഫോമൻസ് ഗ്രാന്റ് | 1016104 | 0 | 1016104 | 1013925 | 2179 | 0 | 99.78 |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. | 452008 | 506660 | 958668 | 830600 | 128068 | 128068 | 86.64 |
| ബി ഫണ്ട് | 0 | 26775503 | 26775503 | 26775503 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 245 | 72678228 | 164 | 37345892 | 0 | 81 | 66.93 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന / കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 7035380 | 7255127 | 219747 | +3.12 |
| നികുതിയേതര വരവുകൾ | 1006021 | 821665 | -184355 | -18.33 |
| മറ്റുവരവുകൾ | 15577 | 474543 | 458966 | (+)2946.43 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242880 | - |
| കർഷകതൊഴിലാളി പെൻഷൻ | 3217830 | 408 |
| വിധവാപെൻഷൻ | 8645320 | 936 |
| വാർദ്ധക്യകാലപെൻഷൻ | 9927120 | 1822 |
| വികലാംഗപെൻഷൻ | 3730165 | 370 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 763560 | 76 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-11-2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 12107 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ ഉദ്യോഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ടി.ആർ 7 എ കാഷ്ബുക്ക്, സൂക്ഷിച്ചിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.10.2016 | 8/2016 | - |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.08.2008 മുതൽ 22.08.2008 വരെ | 1997-98 മുതൽ 2007-08 വരെ | 29.09.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി 2015-16 സാമ്പത്തിക വർഷത്തിൽ കുറവായി അടവാക്കി.

| ക്രമ | സാമ്പത്തിക വർഷം | സ്ഥാപനം | പേര് | അടിസ്ഥാന ശമ്പളം | റിട്ടേണിൽ കാണിച്ചിരിക്കുന്ന വരുമാനം | നികുതി വിധേയമാകുന്ന വരുമാനം (അടിസ്ഥാന ശമ്പളം* 6) | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | നികുതിയിലെ കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 2015-16 ആദ്യ അർദ്ധവർഷം | ഡിമെസ്കോ ഫൂട്ട് കെയർ | റിബിൻ.ഒ.കെ | 6000 | 18597 | 36000 | 180 | 300 | 120 |
| 2 | ,, | ,, | പ്രഗ്.കെ | 6000 | 18645 | 36000 | 180 | 300 | 120 |
| 3 | ,, | ,, | മല്ലുക്കുട്ടി | 5500 | 26040 | 33000 | 180 | 300 | 120 |
| 4 | ,, | ,, | സുമംഗല ദേവി | 7500 | 40559 | 45000 | 300 | 450 | 150 |
| 5 | ,, | ,, | ദശരദ് സോംഗർ | 7500 | 44276 | 45000 | 300 | 450 | 150 |
| 6 | ,, | ,, | സന്തോഷ് ലാലു | 7100 | 28594 | 42600 | 180 | 300 | 120 |
| 7 | ,, | ,, | റിജിൽ | 7500 | 43976 | 45000 | 300 | 450 | 150 |
| 8 | ,, | ,, | ബബിൻ | 10000 | 55171 | 60000 | 450 | 600 | 150 |
| 9 | ,, | ,, | കാലിദ് അൻസാരി | 7500 | 43812 | 45000 | 300 | 450 | 150 |
| 10 | ,, | ,, | സഞ്ചെയ് പാസ്വാൻ | 5000 | 18353 | 30000 | 180 | 300 | 120 |
| 11 | ,, | ,, | അർജ്ജുൻ സിംഗ് | 12400 | 50190 | 74400 | 450 | 600 | 150 |
| 12 | 2015-16 രണ്ടാം അർദ്ധവർഷം | കേരള ഗ്രാമീണ ബാങ്ക് | അനുമോൾ.കെ | - | 135440 | 135440 | 1000 | 1250 | 250 |
| 13 | ,, | ഡിമെസ്കോ ഫൂട്ട് കെയർ | സബിത | 5859 | 27870 | 35154 | 180 | 300 | 120 |
| 14 | ,, | ,, | അനുഷാദ് | 11400 | 49391 | 68400 | 450 | 600 | 150 |
| 15 | ,, | ,, | ഷഫീക്ക്.കെ.പി | 6300 | 22785 | 37800 | 180 | 300 | 120 |
| 16 | ,, | ,, | മുഹമ്മദ് റിഷാദ് | 5700 | 17939 | 34200 | 120 | 300 | 180 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 17 | ,, | ,, | കനകദാസ്.ടി | 10065 | 57241 | 60390 | 450 | 600 | 150 |
| 18 | ,, | ,, | സജിത.പി | 7750 | 39625 | 46500 | 300 | 450 | 150 |
| 19 | ,, | ,, | മീന കുമാരി | 7750 | 38700 | 46500 | 300 | 450 | 150 |
| 20 | ,, | ,, | വിശ്വലത | 7750 | 39674 | 46500 | 300 | 450 | 150 |
| 21 | ,, | ,, | അനിത ഭായി | 7750 | 33902 | 46500 | 300 | 450 | 150 |
| 22 | ,, | ,, | ഉമാദേവി | 7750 | 44612 | 46500 | 300 | 450 | 150 |
| 23 | ,, | ,, | റെഭ.എം | 7750 | 41575 | 46500 | 300 | 450 | 150 |
| 24 | ,, | ,, | അനിത.എം | 7750 | 33273 | 46500 | 300 | 450 | 150 |
| 25 | ,, | ,, | ലിഷ.കെ | 7750 | 41961 | 46500 | 300 | 450 | 150 |
| 26 | ,, | ,, | ഷൈനി.കെ | 7750 | 42536 | 46500 | 300 | 450 | 150 |
| 27 | ,, | ,, | സുമംഗല ദേവി | 7750 | 43473 | 46500 | 300 | 450 | 150 |
| 28 | ,, | ,, | സബിജ.ഇ | 7750 | 44199 | 46500 | 300 | 450 | 150 |
| 29 | ,, | ,, | റീന | 7750 | 41373 | 46500 | 300 | 450 | 150 |
| 30 | ,, | ,, | വിജയലക്ഷമി | 7750 | 42649 | 46500 | 300 | 450 | 150 |
| 31 | ,, | ,, | ശാലിനി.കെ.വി | 7750 | 44199 | 46500 | 300 | 450 | 150 |
| 32 | ,, | ,, | മുജാഹിദ് അൻസാരി | 7563 | 33232 | 45378 | 300 | 450 | 150 |
| 33 | ,, | ,, | ജിതേഷ് | 7710 | 41360 | 46260 | 300 | 450 | 150 |
| 34 | ,, | ,, | ബബ്ലു സോംഗാർ | 7552 | 43659 | 45312 | 300 | 450 | 150 |
| 35 | ,, | ,, | രാജു ചൌരസ്യ | 9235 | 27936 | 55410 | 180 | 450 | 270 |
| 36 | ,, | ,, | സന്തോഷ് ലാലു | 7537 | 36469 | 45222 | 300 | 450 | 150 |
| 37 | ,, | ,, | സോനു സോംഗാർ | 7806 | 26507 | 46836 | 180 | 450 | 270 |
| 38 | ,, | ,, | ദീപക്ക് കുമാർ | 6209 | 28151 | 37254 | 180 | 300 | 120 |
| 39 | ,, | ,, | ഉമേഷ് ജയ്സ്വാൾ | 7795 | 44667 | 46770 | 300 | 450 | 150 |
| 40 | ,, | ,, | സുരജൻ | 7056 | 29000 | 42336 | 180 | 300 | 120 |
| 41 | ,, | ,, | നിതായി സാഹ | 7027 | 14180 | 42162 | 120 | 300 | 180 |
| 42 | ,, | ,, | മിറാജ് അൻസാരി | 6740 | 29318 | 40440 | 180 | 300 | 120 |
| 43 | ,, | ,, | ദിലീപ് കർമാക്കർ | 6992 | 18042 | 41952 | 180 | 300 | 120 |
| 44 | ,, | ,, | ദാൻ ദോർജി | 7027 | 22556 | 42162 | 180 | 300 | 120 |
| 45 | ,, | ,, | രാജേന്ദ്ര സോറൻ | 6920 | 26988 | 41520 | 180 | 300 | 120 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 46 | ,, | ,, | രാജേന്ദ്ര നായിക്ക് | 5657 | 25974 | 33942 | 180 | 300 | 120 |
| 47 | ,, | ,, | ചന്ദ്രൻ | 8599 | 39097 | 51594 | 300 | 450 | 150 |
| 48 | ,, | ,, | ലാല്യ കുമാർ | 8220 | 29963 | 49320 | 180 | 450 | 270 |
| 49 | ,, | ,, | നിധീഷ് കുമാർ | 7598 | 31471 | 45588 | 300 | 450 | 150 |
| 50 | ,, | ,, | റിജിൽ | 7816 | 43249 | 46896 | 300 | 450 | 150 |
| 51 | ,, | ,, | ബബിൻ | 12543 | 68853 | 75258 | 600 | 750 | 150 |
| 52 | ,, | ,, | മോനു സോംഗാർ | 6593 | 18539 | 39558 | 180 | 300 | 120 |
| 53 | ,, | ,, | കലിം അൻസാരി | 7115 | 25806 | 42690 | 180 | 300 | 120 |
| 54 | ,, | ,, | ദിനേഷ് കിസ്കു | 6283 | 29301 | 37698 | 180 | 300 | 120 |
| 55 | ,, | ,, | ജോൺ ടുഡു | 6628 | 29397 | 39768 | 180 | 300 | 120 |
| 56 | ,, | ,, | ശിവമംഗൽ | 6628 | 23945 | 39768 | 180 | 300 | 120 |
| 57 | ,, | ,, | സാഗർ ദർജി | 6593 | 21596 | 39558 | 180 | 300 | 120 |
| 58 | ,, | ,, | മുറാദ് | 6562 | 28821 | 39372 | 180 | 300 | 120 |
| 59 | ,, | ,, | രാവിലാൽ മുർമു | 7513 | 35315 | 45078 | 300 | 450 | 150 |
| 60 | ,, | ,, | തല്ലുക്കു മുർമു | 6628 | 23733 | 39768 | 180 | 300 | 120 |
| 61 | ,, | ,, | ദിപാൻക്കർ ദാസ് | 6593 | 29505 | 39558 | 180 | 300 | 120 |
| 62 | ,, | ,, | സുനിൽ കുമാർ | 8930 | 34508 | 53580 | 300 | 450 | 150 |
| 63 | ,, | ,, | ആസിസ് റിഷി | 6593 | 22152 | 39558 | 180 | 300 | 120 |
| 64 | ,, | ,, | കിസാൻ | 6553 | 15915 | 39318 | 120 | 300 | 180 |
| 65 | ,, | ,, | ലാൽതു | 6628 | 24374 | 39768 | 180 | 300 | 120 |
| 66 | ,, | ,, | വിനോദ് ടുഡു | 6593 | 29600 | 39558 | 180 | 300 | 120 |
| 67 | ,, | ,, | ഗോവിന്ദ കുമാർ | 6795 | 20355 | 40770 | 180 | 300 | 120 |
| 68 | ,, | ,, | രാജൻ | 7692 | 42721 | 46152 | 300 | 450 | 150 |
| 69 | ,, | ,, | കൈലാഷ് സാഹ | 6164 | 28062 | 36984 | 180 | 300 | 120 |
| 70 | ,, | ,, | ദീപക് കർമാക്കർ | 6553 | 26776 | 39318 | 180 | 300 | 120 |
| 71 | ,, | ,, | പ്രമോദ് കുമാർ | 6553 | 25663 | 39318 | 180 | 300 | 120 |
| 72 | ,, | ,, | രാജ് കുമാർ ദാസ് | 7123 | 22118 | 42738 | 180 | 300 | 120 |
| 73 | ,, | ,, | ദിനേഷ് കുമാർ | 6000 | 29709 | 36000 | 180 | 300 | 120 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 74 | ,, | ,, | എസ്ലം അൻസാരി | 8045 | 37195 | 48270 | 300 | 450 | 150 |
| 75 | ,, | ,, | പരുശ്ശുറാം | 6426 | 15147 | 38556 | 120 | 300 | 180 |
| 76 | ,, | ,, | ഫത്തേഹ് മറണ്ടി | 6593 | 13824 | 39558 | 120 | 300 | 180 |
| 77 | ,, | ,, | രാജേഷ് കുമാർ | 6283 | 25518 | 37698 | 180 | 300 | 120 |
| 78 | ,, | ,, | രോഹിത്ത് പാൽ | 6000 | 15484 | 36000 | 120 | 300 | 180 |
| 79 | ,, | ,, | രാജേഷ് അൻസ്ഡ | 6000 | 26503 | 36000 | 180 | 300 | 120 |
| 80 | ,, | ,, | കൃഷ്ണ കർമാക്കർ | 6000 | 19549 | 36000 | 180 | 300 | 120 |
| ആകെ | | | | | | | | | 11590 |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 12- 21/11/2016 ന് സെക്രട്ടറി തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചു. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 അൺ എയിഡഡ് സ്കൂളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനകത്ത് സ്ഥിതി ചെയ്യുന്ന അൺ എയിഡഡ് സ്കൂളുകളായ ഭാരതീയ വിദ്യാഭവന്റെ കെട്ടിടങ്ങളിൽ നിന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 പ്രകാരം അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 12-04-2012 ലെ 49590/ആർ.സി.2/2011 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ട 14-01-2011 മുതൽ പ്രാബല്യത്തിൽ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/17-11-2016) ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ 2011-12 മുതൽ ഭാരതീയ വിദ്യാഭവൻ അൺ എയ്ഡഡ് സ്കൂളുകളിൽ നിന്ന് കെട്ടിട നികുതി ഈടാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-3 റേഷൻ കടകൾക്ക് ഫീസ് ഈടാക്കി ലൈസൻസ് നൽകിയില്ല

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 03-17/11/2016 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 10 റേഷൻകടകളുണ്ട് എന്ന വിവരം ലഭ്യമാക്കി.

| പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| ഇടിമുഴിക്കൽ | 2 |
| പോയിൽ തൊടി | 1 |
| പാറയിൽ | 1 |
| പന്ത്രപ്പുറം | 1 |
| പുല്ലും കുന്ന് | 1 |
| പടിഞ്ഞാറ്റിൻപൊയിൽ | 1 |
| പുല്ലിപറമ്പ് | 1 |
| കൊളക്കാട്ട് ചാലി | 1 |
| കാക്കഞ്ചേരി | 1 |
| ആകെ | 10 |

ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-4 ഗ്രാമ പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ കൃത്യമായ കണക്കില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ എണ്ണവും, ലൊക്കേഷനും സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കാത്തതിനാൽ, സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ കൃത്യമായ കണക്കും , എല്ലാ മൊബൈൽ ടവറുകൾക്കും ഗ്രാമ പഞ്ചായത്ത് പെർമിറ്റ് നൽകിയിട്ടുണ്ടോയെന്നും, വസ്തുനികുതി കൃത്യമായി ഈടാക്കി വരുന്നുണ്ടോയെന്നും പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനും സാധിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നംപർ 4/ 17-11-16 ) അധികൃതർ നൽകിയ മറുപടിയിൽ 2 മൊബൈൽ ടവറുകൾ മാത്രമാണ് നിലവിലുള്ളതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഓഡിറ്റ് ടീം നടത്തിയ പ്രാഥമിക പരിശോധനയിൽ എട്ടോളം മൊബൈൽ ടവറുകൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി കാണാൻ കഴിഞ്ഞു. ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കുറഞ്ഞത് ആറ് ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിന്നും ലഭിക്കേണ്ടിയിരുന്ന പെർമിറ്റ് ഫീ, വസ്തു നികുതി എന്നീ ഇനങ്ങളിൽ ഭീമമായ തുക ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഈ വിഷയത്തിൽ ടി സർക്കുലർ പ്രകാരമുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച്, ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-5 അടയ്ക്കാൻ ബാധ്യസ്ഥരായവരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കി

പഞ്ചായത്തിന്റെ പരിധിയിൽ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന പല വ്യക്തികളിൽ നിന്നും 2015-16 വർഷ കാലയളവിലെ തൊഴിൽനികുതി ഈടാക്കാൻ വിട്ടുപോയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

1 ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ

2താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ

| ക്രമ നം | സ്ഥാപനം | വാർഡ്/ഡോർ നമ്പർ | ജീവനക്കാരുടെ എണ്ണം (ഡി. ആന്റ്.ഒ അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | കുഞ്ജമ്മ ഫുഡ് & ക്രീമ്സ് | 5/774 | 19 |
| 2 | ഗോദറേജ് അപ്ലയൻസസ് | 3/587D | 22 |
| 3 | ബ്രില്യന്റ് ഫുഡ് | 5/774A | 10 |
| 4 | ഫോസ്റ്റർ ഹോട്ട് ബ്രഡ് | 5/774K | 17 |
| 5 | ബ്രിട്ടാണിയ ഇൻഡസ്ട്രീസ് | 7/449B,449F | 10 |
| 6 | പി.പി.പെട്രോളിയം | 9/131 | 5 |

ഓഡിറ്റ് അന്വേഷണത്തിന് 11/22-11-2016ന് മറുപടിയിൽ തൊഴിൽ നികുതി അടിയന്തിരമായി പിരിച്ചെടുക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 2-6 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കരാറുകാർ വിവിധ മരാമത്ത് ജോലികൾ നിർവഹിച്ചതായി കാണുന്നു.എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി കരാറുകാരിൽ നിന്നും 2015-16 വർഷങ്ങളിൽ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | അബ്ദുൾനാസർ.എൻ. |
| 2 | ഹഫ്സൽ.ഇ.കെ |
| 3 | മുഹമ്മദ് മുസ്തഫ .യു |
| 4 | കെ.ബീരാൻ കുട്ടി |
| 5 | കെ.പി. മുസ്തഫ |
| 6 | പി.ജിജീഷ് |
| 7 | പി.സുരേഷ് ബാബു |
| 8 | വി.പി.സാദിക്ക് |

| | |
|---|---|
| 9 | കുട്ടിഹസ്സൻ |
| 10 | അമ്ജാദ്.പി.പി |
| 11 | യൂനസ് സലീം |
| 12 | മുഹമ്മദ് അലി |

ഓഡിറ്റ് അന്വേഷണം 5/17-11-2016 പ്രകാരം ടി കരാറുകാരിൽ നിന്നും 2015-16 വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയില്ല എന്ന വിവരം ലഭ്യമാക്കിയതിനാൽ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

## 2-7 ഡി&ഓ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ഉറപ്പു വരുത്തുന്നില്ല

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന ഹോളോ ബ്രിക്സ് യൂണിറ്റുകൾ ഡി&ഒ ലൈസൻസിനായി നൽകിയ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം സമർപ്പിച്ചിട്ടില്ല. 1. ശ്രീ. കെ.മുജീബ് റഹ്മാൻ (സ്റ്റാൻഡേഡ് ഇന്റർ ലോക്ക് & ഹോളോ ബ്രിക്ക്സ് ) 2. ശ്രീ.പി.കെ സുരേഷ് കുമാർ (കിച്ചു ഹോളോ ബ്രിക്ക്സ് 3. ശ്രീ.പി.എ. ഷൌക്കത്ത് അലി (ഹൈടക്ക് ഇന്റർ ലോക്ക് ഓഡിറ്റ് അന്വേഷണം നം. 10/21-11-2016ന് മറുപടി ലഭ്യമാക്കിയിട്ടില്ല .ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ സംഘടനാ ശാക്തീകരണം- പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധം

അസിസ്ററൻറ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി കുടുംബശ്രീ സംഘടനാ ശാക്തീകരണം എന്ന ട0105/16-ാം നമ്പർ പ്രൊജക്ടിനായി തനതുഫണ്ട് 50000 രൂപ വകയിരുത്തി സിഡിഎസ് പ്രസിഡൻറ് മുഖേന ചെലവഴിച്ചിട്ടുണ്ട് (ഡി.ഡി.നം,110047/3.5.16) അയൽക്കൂട്ട സെക്രട്ടറി,പ്രസിഡൻറ് എന്നിവർക്ക് പരിശീലനം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ചെലവിൻെറ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റിസോഴ്സ്പെഴ്സണ് ഹോണറേറിയം -20000

മൈക്ക് സെറ്റ് ,ഫാൻ -വാടക -5900

കസേര,മേശ -വാടക -5200

ചായയും ലഘുഭക്ഷണവും -17640

ഫോട്ടോ -150

കെട്ടിടവാടക -2000

ആകെ -51090

(ചെലവ് 50000 രൂപയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്.)

സർക്കാർ ഉത്തരവ് (എം.എസ്.) നം.362/13ത.സ്വ,ഭ,വ തീ.16.11.13 ഖ.7.10 പ്രകാരം സ്വയംതൊഴിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ പരിശീലനപരിപാടികൾ ഏറ്റെടുക്കാൻ പാടുള്ളൂ.മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി പ്രൊജക്ട് ഏറ്റെടുത്തതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27 ന് മറുപടി ഹാജരാക്കിയില്ല. ചെലവ് തുകയായ 50000 രൂപ നിരാകരിക്കുന്നു.

## 3-2 ആശ്രയഗുണഭോക്താവിന് വാങ്ങി നൽകിയ വസ്തു നിലമായതിനാൽ വീട് നിർമ്മാണം അനിശ്ചിതത്ത്വത്തിൽ

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ,(പ്രൊജക്റ്റ് നം.46/16)ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി,(പ്രൊജക്റ്റ് നം.46/16) ആശ്രയ ഗുണഭോക്തൃലിസ്റ്റിലെ 54-ാം നമ്പർ ഗുണഭോക്താവായ ശ്രീ.മോനപ്പ.എം,(വള്ളിക്കാട്ടിൽ ഹൗസ് ) ന് വേണ്ടി സ്ഥലം വാങ്ങിയ വകയിൽ 150000 രൂപ കുഞ്ഞാലൻ കുട്ടി എന്ന വ്യക്തി ക്ക്(പെരുന്തോടിപാടം പി.ഒ. ചേലേമ്പ്ര) നൽകിയിട്ടുണ്ട്.(ഡി.ഡി.നം. 913668/13.3.16).ആധാരത്തിൽ ടി സ്ഥലം 1.214 ആർസ് നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി വസ്തു ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലമായതിനാൽ പഞ്ചായത്തിൽ നിന്ന് ടി വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടില്ല. ടിയാൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ, പഞ്ചായത്തുമായി കരാർ വെക്കുകയോ ചെയ്തിട്ടില്ല.എന്നാൽ വീട് നിർമ്മാണത്തിന് ഡി.ഡി.നം. 913669/13.3.16 പ്രകാരം 25000 രൂപ നൽകിയിട്ടുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം,16/22.11.16 ന്, സ്ഥലം കൃഷിക്ക് യോജിക്കാത്തതും, തെങ്ങിൻ തൈ ഉള്ളതാണെന്നുമാണ് ടി കാലയളവിലെ അസിസ്റ്റൻറ് സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടുള്ളത്.സ്ഥലം തരംമാറ്റി കിട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചതായും മറുപടി ഹാജരാക്കിയിട്ടുണ്ട്.അഗതി ആശ്രയ ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് പര്യാപ്തമല്ലാത്ത നിലം വാങ്ങി നൽകിയതും ബിൽഡിംഗ് പെർമിറ്റ് ഹാജരാക്കാതെ വീട് നിർമ്മാണത്തിന് ധനസഹായം നൽകിയതും ഗുരുതരമായ വീഴ്ചയാണ്. ഉചിതമായ പരിഹാരനടപടികൾ കൈക്കൊണ്ട് ഗുണഭോക്താവിൻെറ പുനരധിവാസം സാദ്ധ്യമാക്കുന്നതിന് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. സ്ഥലം വീട്ട നിർമ്മാണത്തിന് ഉപയുക്തമാക്കി വീട്ട നിർമ്മാണം ആരംഭിക്കുന്നതുവരെ ചെലവു തുക 1,75,000/-രൂപ തടസ്സം ചെയ്യുന്നു.

## 3-3 ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങൽ നടത്തി.

2015-16 വർഷത്തിൽ അംഗീകാരം ലഭിച്ച ആയുർവേദ ആശുപത്രിക്ക് ഉപകരണങ്ങൽ വാങ്ങൽ ( 106/16) എന്ന പ്രൊജക്റ്റ് പ്രകാരം വിവിധ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് ₹ 139180 ചെലവഴിച്ചിട്ടുണ്ട്.( ബിൽ നമ്പർ 6/15-16 തി. 23.03.2016)

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ടെണ്ടർ നടപടികൾ പാലിക്കാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ/ വില എന്നിവ വ്യക്തമാക്കി സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉത്തരവുകളിൽ പ്രസ്താവിക്കുന്ന ഇനം സാധനങ്ങൾ മാത്രമെ ടെണ്ടർ നടപടികൽ പാലിക്കാതെ വാങ്ങാൻ അനുമതിയുള്ളൂ. എന്നാൽ മെഡിക്കൽ ഓഫീസർ വാങ്ങിയ സാധനങ്ങൾ ഒന്നുംതന്നെ ഇത്തരത്തിൽ ടെണ്ടർ കൂടാതെ കാഡ്കോ യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളതല്ല.

സർക്കാർ അനുമതിയില്ലാത്ത സാധനങ്ങൽ ടെണ്ടർ നടപടികൾ കൂടാതെ കാഡ്കോയിൽ നിന്ന് വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അനുമതി ഉത്തരവ് ലഭ്യമാക്കുന്നതുവരെ ചെലവ്തുക ₹ 139180 തടസ്സം ചെയ്യുന്നു.

## 3-4 ടെണ്ടർ കുറവ് പരിഗണിക്കാതെ പണം നൽകി - തുക തിരിച്ചടച്ചു

2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ 13ാം മൈൽ പൈങ്ങോട്ടൂർ റോഡ് റി ടാറിംഗ് (144/16) എന്ന പ്രവൃത്തിയിൽ കരാറുകാരൻ ക്വാട്ട്ചെയ്ത 13% ടെണ്ടർ കുറവ് പരിഗണിക്കാതെ പണം നൽകിയതുമൂലം ₹ 25887 പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. ഓഡിറ്റ് എൻക്വയറി(25/23-11-2016) മുഖേന ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിനെതുടർന്ന് ₹ 25887 രൂപ ചലാൻ നം.71/24-11-2016 പ്രകാരം ട്രഷറിയിൽ തിരിച്ചടവാക്കി.

## 3-5 വീട് പുനരുദ്ധാരണത്തിന് സഹായം നൽകുന്നതിന് പകരം വീട് നിർമ്മാണത്തിന് ധനസഹായം നൽകി

പ്രൊജക്ടിൻെറ പേര്-ആശ്രയ പദ്ധതി (എസ്.സി)

പ്രൊജക്ടിൻെറ നം.-47/16

നിർവഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ശ്രീമതി. കഞ്ഞിക്ക് (ചമ്മാട്ട്കുന്ന്,ലക്ഷം വീട് കോളനി-,ആശ്രയ ഗുണഭോക്തൃലിസ്റ്റിലെ 21-ാം നമ്പർ ഗുണഭോക്താവ്)ബിൽ നം.1/15-16/30.4.15 പ്രകാരം 25000 രൂപയും, ബിൽ നം.7/15-16/30.4.15(ബിൽ തുക-120000) പ്രകാരം 60000 രൂപയും പിൻവലിച്ച് ഭവനനിർമ്മാണത്തിന് നൽകിയിട്ടുണ്ട്.എന്നാൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പ്രകാരം വീട് നിർമ്മാണം അവശ്യഘടകമായി ഉൾപ്പെടുത്തിയിട്ടില്ല. ടിയാൾക്ക് വീട് പുനരുദ്ധാരണത്തിനാണ് തുക വകയിരുത്തിയിട്ടുള്ളത്. ടിയാൾക്ക് പഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടില്ല. നിർമ്മിച്ച വീട് 12 വർഷത്തെക്ക് കൈമാറ്റം ചെയ്യില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തുമായി കരാർ ഉണ്ടാക്കിയിട്ടില്ല.അംഗീകൃതലിസ്റ്റിൽ നിന്ന് വ്യതിചലിച്ച് ധനസഹായം നൽകിയതിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/22.11.16ന് ലിസ്റ്റിൽ മാറ്റം വരുത്തുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്ത് ഗവ.ലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടി ഹാജരാക്കി. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 ഭവനനിർമ്മാണത്തിന് ധനസഹായം-അപാകതകൾ

1. പ്രൊജക്ടിൻെറ പേര്-ആശ്രയ പദ്ധതി (ജനറൽ)

പ്രൊജക്ടിൻെറ നം.-46/16

നിർവഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

2. പ്രൊജക്ടിൻെറ പേര്-ആശ്രയ പദ്ധതി (എസ്.സി)

പ്രൊജക്ടിൻെറ നം.-47/16 നിർവഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ടി പ്രൊജക്ടുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

| ക്രമനം | ഗുണഭോക്താക്കൾ | ഗുണഭോക്തൃ ലിസ്റ്റ് നമ്പർ | അപാകത |
|---|---|---|---|
| 1 | ബേബി,<br>കൊടംമുളിപ്പറായ് | 31 | കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ചിട്ടില്ല. ഡി.ഡി.നം. 137354/ 10-05-2015 -25000 നിർമ്മിച്ച വീടുകൾ 12 വർഷത്തേക്ക് വിൽക്കുകയോ<br>കൈമാറ്റം ചെയ്യുകയോ ചെയ്യില്ല് എന്ന വ്യവസ്ഥ ഉൾപ്പെടുത്തികരാർവെച്ചിട്ടില്ല. |
| 2. | നഫീസ,കല്ലുവളപ്പിൽ | 37 | ഡി.ഡി.നം.-137357/10.5.15-25000911757/ 22.1.16-50000 |
| 3. | റോഷിന, ഇളയേടത്ത് | 55 | കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ചിട്ടില്ല, ഡി.ഡി.നം.909342/ 20.8.15-75000ഡി.ഡി.നം.913664/15.3.16-150000 |
| 4. | നെല്ലിക്കോട്ട് ജാനു | 41 | കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ചിട്ടില്ല. ഡി.ഡി.നം. 913667/15.3.16 നിർമ്മിച്ച വീടുകൾ 12 വർഷത്തേക്ക് വിൽക്കുകയോ<br>കൈമാറ്റം ചെയ്യുകയോ ചെയ്യില്ല് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കരാർവെച്ചിട്ടില്ല |

| | | | |
|---|---|---|---|
| 5. | കാളി,ചെറിയങ്ങാട്ട് | 7 | കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിച്ചിട്ടില്ല. ഡി.ഡി.നം.<br>ഡി,ഡി.നം.137359/10.5.15-15000<br>ഡി.ഡി.നം.913499/14.3.16-60000<br>308611/31.3.16-100000<br>നിർമ്മിച്ച വീടുകൾ 12 വർഷത്തേക്ക് വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ല് എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കരാർവെച്ചിട്ടില്ല |

5 ഘട്ടങ്ങളായി നൽകേണ്ട വിവിധ ഗഡുക്കൾ സ്റ്റേ ജ്സർട്ടിഫിക്കറ്റില്ലാതെയാണ് നിർവഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളത്.അപാകത അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന്,അപാകത പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ഹാജരാക്കി.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതും രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-7 ആശ്രയ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ആശ്രയ രണ്ടാം ഘട്ടം 13-16 കാലയളവിൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| സ്ഥലം | 2550000 |
| വീട് | 11250000 |
| വീട് റിപ്പയർ | 1350000 |
| ചികിത്സ | 898734 |
| ഭക്ഷണം | 1105200 |
| വിദ്യാഭ്യാസം | 117000 |
| കുടിവെള്ളം | 1452500 |
| ടോയിലെറ്റ് | 352000 |
| പദ്ധതിരൂപീകരണം | 15000 |
| ആകെ | 19090434 |

ആകെ 99 ഗുണഭോക്താക്കളാണ് അശ്രയലിസ്റ്റിലുള്ളത്.പഞ്ചായത്ത് വിഹിതമായി 13-14,14-15,15-16വർഷങ്ങളിലായി യഥാക്രമം 1883666,6809167,8342601 രൂപയാണ് വകയിരുത്തിയത്. 685000 രൂപ വീതം ചലഞ്ച് ഫണ്ടും വകയിരുത്തിയിട്ടുണ്ട്. എന്നാൽ, 13-14,14-15 വർഷങ്ങളിൽ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 15-16 ലാകട്ടെ പഞ്ചായത്ത് വിഹിതമായി കേവലം 3322349 രൂപയും ചലഞ്ച് ഫണ്ടിൽ നിന്ന് 112346 രൂപ യും മാത്രമാണ് ചെലവഴിച്ചത്. ലിസ്റ്റ് പ്രകാരം 17 പേർക്കാണ് സ്ഥലം ആവശ്യമുള്ളത്, എന്നാൽ 5 പേർക്ക് മാത്രമാണ് സ്ഥലം വാങ്ങി നൽകാൻ കഴിഞ്ഞത് . ഒരാൾക്ക് വാങ്ങിനൽകിയ സ്ഥലം വയലാണ്.54 പേർക്ക് വീട് റിപ്പയറിന് സഹായം ആവശ്യമായിരിക്കെ 3 പേർക്ക് മാത്രമാണ് ധനസഹായം നൽകിയത്.45 പേർക്കാണ് വീട് നിർമ്മിച്ച് നൽകാൻ ലക്ഷ്യമിട്ടിരുന്നതെങ്കിലും 17 പേർക്കാണ് ധനസഹായം നൽകിയത്.കക്കൂസ് 44 കുടുംബങ്ങൾക്കും കുടിവെള്ളം 83 കുടുംബങ്ങൾക്കും നൽകാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ആർക്കും തന്നെ ധനസഹായം നൽകിയിട്ടില്ല. വിദ്യാഭ്യാസത്തിന് 111700 വകയിരുത്തിയെങ്കിലും ഒരു പൈസ പോലും ചെലവാക്കിയില്ല. ആകെ വകയിരുത്തിയ 19090434 രൂപയിൽ 3322349 രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്. അതായത് വകയിരുത്തിയ തുകയുടെ 17% മാത്രം.

സമൂഹത്തിലെ ഏറ്റവും പരിഗണനാർഹരായ അഗതികളുടെ സമഗ്രപുനരധിവാസത്തിനുള്ള ആശ്രയപദ്ധതി നടപ്പാക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് പഞ്ചായത്തിൻെറ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, ഭക്ഷണം, വിദ്യാഭ്യാസം,തൊഴിൽ, വൈദ്യുതി മുതലായവ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും, ഓരോ കുടുംബത്തിനും മെച്ചപ്പെട്ട ജീവിത നിലവാരം ഉണ്ടാക്കിക്കൊടുക്കുന്നതിനും പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

## 3-8 അംഗൻവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ ആകെ 26 അംഗൻവാടികളാണ് ഉള്ളത്. ആയതിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളത് 20 എണ്ണത്തിന് മാത്രമാണ്. വാടക കെട്ടിടത്തിൽ 5 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. വൈദ്യുതി, ഗ്യാസ്, കുടിവെള്ളം എന്നീ സൌകര്യങ്ങളുള്ള അംഗൻവാടികളുടെ എണ്ണം യഥാക്രമം 4, 26, 7 എന്നിങ്ങനെയാണ്. ചുറ്റുമതിലുള്ള അംഗൻവാടികൾ 16 എണ്ണം മാത്രമാണ്. ഒരു അംഗൻവാടിയിലും ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് ഇല്ല.

ഗവൺമെന്റ് സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ തീയ്യതി 22/03/2011 പ്രകാരം വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും എല്ലാ വർഷവും മെയ് 10 നകം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ സന്ദർശിക്കേണ്ടതും. പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്തിലെ പുല്ലുംകുത്ത് അംഗൻവാടിക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല.

ആയതിനാൽ അംഗൻവാടികളുടെ ഭൌതിക സൌകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം - കെൽട്രോണിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO226/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| അടങ്കൽ തുക | : | ₹2,50,000/- (വികസന ഫണ്ട്) |
| ചെലവഴിച്ചത് | : | ₹2,08,500/- |

ബിൽ നം. 3/15-16 തീയ്യതി 22/02/2016 തുക ₹2,08,500/-

ഡി.ഡി. നം. 913349 തീയ്യതി 30/03/2016 തുക ₹2,08,500/-

ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. SO226/16 മുഖേന 3 വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം കെൽട്രോണിൽ നിന്നാണ് സ്കൂട്ടർ വാങ്ങിയിട്ടുള്ളത്. കെൽട്രോണിന്റെ ഇൻവോയ്സ് നമ്പർ MKTG/054/K തീയ്യതി 06/02/2016 പ്രകാരം ഒരു സ്കൂട്ടറിന് ₹69,500/- നിരക്കിൽ 3 എണ്ണത്തിന് ₹2,08,500/- വികസന ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകി. (ഡി.ഡി. നം. 913349 തീയ്യതി 30/03/2016). മഹീന്ദ്രയുടെ RODEO UZO 125 എന്ന സ്കൂട്ടറാണ് വിതരണം ചെയ്തത്. കെൽട്രോൺ ഈ സ്കൂട്ടർ വാങ്ങിയിട്ടുള്ളത് പനാമ മോട്ടേഴ്സ്, വെസ്റ്റ് ഹിൽ എന്ന ഡീലറിൽ നിന്നാണ്. കെൽട്രോണിൽ മേൽപറഞ്ഞ വണ്ടികൾ നിർമ്മിക്കുന്നില്ല. കെൽട്രോൺ വാഹന ഡീലർമാരിൽ നിന്നും വാങ്ങിയ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,08,500/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി നം. /15-16 തീയ്യതി പ്രകാരം അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 വീട് പുനരുദ്ധാരണം- കാലപ്പഴക്കം നിർണ്ണയിച്ചിട്ടില്ല

1.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO58/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| അടങ്കൽ തുക | : | ₹7,20,000/- (വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ) |
| ചെലവഴിച്ചത് | : | ₹6,60,000/- |

| | | |
|---|---|---|
| ബിൽ നം. | | 2/2015-16 : ₹6,60,000/- |

2.

| | | |
|---|---|---|
| പ്രോജക്ട് നം. | : | S059/16 (ഭവന നിർമ്മാണം - വൃദ്ധ - വികലാംഗർ) |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| അടങ്കൽ തുക | : | ₹3,60,000/- (വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ) |
| ചെലവഴിച്ചത് | : | ₹3,60,000/- |
| ബിൽ നം. | | 1/2015-16 : ₹3,60,000/- |

പഞ്ചായത്തിൽ വീട് പുനരുദ്ധാരണത്തിനു വേണ്ടി ₹10,20,000/- (രണ്ടു പ്രോജക്ടുകൾ ഉൾപ്പടെ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്നവരുടെ വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിശദാംശം ച ുവടെ ചേർക്കുന്നു.

പ്രോജക്ട് 1

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | ജമീല കിളിയങ്ങാട്ട് കാളി | ₹20,000/- |
| 2 | വിമല, കാരായി ഹൌസ് | ₹20,000/- |
| 3 | കുട്ടൻ, തച്ചമ്പലത്ത് | ₹20,000/- |
| 4 | ഏന്തിൽ പുളിയാളി മേത്തൻ | ₹20,000/- |
| 5 | ജാനകി ഒറ്റകണ്ടത്തിൽ | ₹20,000/- |
| 6 | സരോജിനി വടക്കേപുറക്കൽ | ₹20,000/- |
| 7 | അബ്ദുൾ അസീസ് പുറ്റീരി | ₹20,000/- |
| 8 | ഹസൻ കോയ നെച്ചിക്കാട്ട് | ₹20,000/- |
| 9 | ശശി നെല്ലിക്കോട്ട് മാമ്പക്കാട്ട് | ₹20,000/- |
| 10 | ശ്രീജി മീമ്പാട്ട് പുറായി | ₹20,000/- |
| 11 | സാവിത്രി പുള്ളിശ്ശേരി | ₹20,000/- |
| 12 | ബീന ചോനാട്ടിൽപുറായി | ₹20,000/- |
| 13 | സക്കീന പീടികത്തൊടി | ₹20,000/- |
| 14 | ലക്ഷ്മിയമ്മ കരുവമ്പലം | ₹20,000/- |
| 15 | ഭാസ്കരം ചെമ്പ്രത്ത് കുറ്റിപ്പല | ₹20,000/- |
| 16 | മുഹമ്മദ് ബഷീർ കാരോട്ടിൽ | ₹20,000/- |
| 17 | ഉമ്മയ്കുട്ടി വെളുത്തതൊടി | ₹20,000/- |
| 18 | അബ്ബാസ് നാടകശ്ശേരി തെക്കത്തൂർ | ₹20,000/- |

| | | |
|---|---|---|
| 19 | ഉമ്മുഹബീബ, കുപ്പേക്കാട്ട് | ₹20,000/- |
| 20 | ശാന്ത വെള്ളാശേരി | ₹20,000/- |
| 21 | ശിവദാസൻ ചെങ്ങോട്ട് പൂന്തോട്ടത്തിൽ | ₹20,000/- |
| 22 | അബൂബക്കർ പുളിയഞ്ചേരി | ₹20,000/- |
| 23 | വേലായുധൻ ചെങ്ങോട്ട് പൂന്തോട്ടത്തിൽ | ₹20,000/- |
| 24 | അബ്ദുൾ ജബ്ബാർ വിളക്കഞ്ചേരി | ₹20,000/- |
| 25 | മജീദ് കാളമ്പലത്ത് ഇരുളിൽ | ₹20,000/- |
| 26 | ഹസ്സൻ കുട്ടി മണക്കാഞ്ചേരി | ₹20,000/- |
| 27 | ഷംസുദ്ദീൻ കൊടക്കാട്ടകത്ത് | ₹20,000/- |
| | ആകെ | ₹4,40,000/- |

പ്രോജക്ട് - 2

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | സെയ്തലവി കല്ലുവിളക്കിൽ പുറായി | ₹20,000/- |
| 2 | അച്ചുതൻ ചെറായികണ്ടത്തിൽ | ₹20,000/- |
| 3 | ശങ്കരൻ പൂവണ്ണ എടപ്പരുത്തി | ₹20,000/- |
| 4 | കുട്ടൻ കെ.എം., മൂരിക്കാട്ട് ഹൌസ് | ₹20,000/- |
| 5 | സെയ്താലിക്കുട്ടി പുളിക്കൽ ഹൌസ് | ₹20,000/- |
| 6 | ഹൈദ്ദ്രു നെച്ചിക്കാട്ട് | ₹20,000/- |
| 7 | സുബ്രഹ്മണ്യൻ കെ. | ₹20,000/- |
| 8 | ഹസ്സൻ കോയ | ₹20,000/- |
| 9 | കുഞ്ഞീമ കാരോട്ടിൽ | ₹20,000/- |
| 10 | ഗോപാലൻ നെച്ചിയിൽ | ₹20,000/- |
| 11 | ദരിശി നീറ്റിങ്ങൽ | ₹20,000/- |
| 12 | ഫൌസിയ കെ.പി. | ₹20,000/- |
| 13 | ലക്ഷ്മി ടി.വി. | ₹20,000/- |
| 14 | ഉണ്ണീരി സി. ചക്കമ്മാട്ടുപൊറ്റയിൽ | ₹20,000/- |
| 15 | മുനീർ വി.കെ. | ₹20,000/- |
| | ആകെ | ₹3,00,000/- |

മേൽ അപാകത ഓഡിററ് എൻക്വയറി നം. 6/18.11.2016 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന് 21.11.2016 ന് ലഭ്യമാക്കിയ മറുപടിയിൽ വീടിൻെറ കാലപ്പഴക്കം തെളിയിക്കുന്ന രേഖ പഞ്ചായത്തിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-11 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-ഫണ്ട് വിഹിതം പൂർണ്ണമായി ചെലവഴിച്ചില്ല

പ്രൊജക്ട് നം-S0 62/16

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ തുക - 450000/-(വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ)

225000(ബ്ലോക്ക് ഫണ്ട്)

225000(ജി.പ)

ആകെ---900000/-

ചെലവ്-450000/-(വികസന ഫണ്ട് ഫണ്ട്)

ബിൽ നമ്പർ 6/2015-16 തീയ്യതി 19/09/2016 450000/-

പഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 450000/-സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത പ്രൊജക്ടിലെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് വിഹിതം ചെലവഴിച്ചു കാണുന്നില്ല.

ജില്ലാ പഞ്ചായത്തിന്റെ വിഹിതം ട്രഷറി ചെക്ക് നമ്പർ 102815 തീയ്യതി 30/03/2016 നാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ 2015-16 വർഷം ചെലവഴിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-14/22.11.2016) നൽകിയതിന് മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്..ജില്ലാ പഞ്ചായത്ത് വിഹിതം അതാത് വർഷം തന്നെ ലഭ്യമാക്കുന്നതിനും ചെലവഴിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 THRS ഭക്ഷ്യമിശ്രിതം - ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO61/16 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | ICDS സൂപ്പർവൈസർ |
| അടങ്കൽ തുക<br>ആകെ | :<br>:<br>: | ₹28,00,000/- (വികസന ഫണ്ട്)<br>₹7,00,000/-(ധനകാര്യകമ്മീഷൻ)<br>₹35,00,000/- |
| ചെലവഴിച്ചത് | : | ₹35,00,000/- |

ചേലേമ്പ്ര അംഗനവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി ആരോഗ്യ & പ്രിയ ന്യൂട്രിമിക്സ് പള്ളിക്കൽ എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| # | ബിൽ നമ്പർ & തീയ്യതി | തുക-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ |
|---|---|---|
| 1. | 90/04.04.15 | 62382 |
| 2. | 94/07.05.15 | 35887 |
| 3. | 97/05.06.15 | 58760 |
| 4. | 102/03.07.15 | 48307 |

| | | |
|---|---|---|
| 5. | 110/04.08.15 | 45482 |
| 6. | 114/17.09.15 | 51980 |
| 7. | 117/06.10.15 | 62432 |
| 8. | 121/09.11.15 | 59607 |
| 9. | 127/04.12.15 | 70060 |
| 10. | 133/05.01.16 | 68522 |
| 11. | 139/05.02.16 | 67517 |
| 12. | 142/09.03.16 | 72320 |
| | ആകെ | 703256 |

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി.3-312/2010 തീയ്യതി 05/06/2010, 01/02/2010 തീയ്യതികളിലെ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുകളിൽ പറഞ്ഞ ആരോഗ്യ & പ്രിയ ന്യൂട്രി മിക്സിന്റെ സാമ്പിളുകളിൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. മേൽ അപാകത ഓഡിറ്റ് എൻക്വയറി (15/22.11.2016) പ്രകാരം അറിയിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ പറയുന്ന പ്രോജക്ടുകൾക്ക് പണം ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | വൌച്ചർ നം. & തീയ്യതി |
|---|---|---|---|---|
| SO 225/16 | സ്കൂൾകലാകായികമേള | 20000 (തനത്ഫണ്ട്) | 20000 | 21500914 തീയ്യതി05.03.2016 |
| SO 241/16 | ലൈബ്രറികൾക്ക് പത്രവിതരണം | 40000 (തനത്ഫണ്ട്) | 39840 | 2150116 തീയ്യതി 31.03.2016 |
| | | | 59840 | |

മേൽപറഞ്ഞ പദ്ധതികൾ പദ്ധതി/മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നില്ല. പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് സർക്കാരിന്റെ അനുമതി വാങ്ങിയിട്ടില്ല. അനുമതി ഉത്തരവ് ഹാജരാക്കുന്നതുവരെ ചെലവ് തുക 59840/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി നം.26/ 2015-16 തീയ്യതി 23/11/2016 പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ - തുടർപ്രവർത്തനങ്ങൾ നടത്തിയില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO92/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | മെഡിക്കൽഓഫീസർ(അലോപ്പതി) |

| | | |
|---|---|---|
| | | |
| അടങ്കൽ തുക | : | ₹1,50,000/- (തനതു ഫണ്ട്) |
| ചെലവഴിച്ചത് | : | ₹1,49,925/- |

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ 2015-16വർഷത്തിൽ മഴക്കാല പൂർവ്വ പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നോട്ടീസു വിതരണം, സർവ്വേ എന്നിവ നടത്തിയിട്ടുണ്ട്. ആശപ്രവർത്തകർ, വോളണ്ടീയർമാർ എന്നിവർക്ക് പ്രതിഫലമായി ഒരു വീടിന് 5/-രൂപ നിരക്കിൽ 76,680/-രൂപ ചെലവഴിച്ചിട്ടുണ്ട്. മൊത്തം പ്രവർത്തനങ്ങൾക്കായി ആകെ₹1,49,925/-ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾ

1.പ്രസ്തുത പ്രോജക്ട് ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2.2016-17 വർഷത്തിൽ തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.09/2015-16 തീയതി.21-11-2016പ്രകാരം അപാകതകൾ അറിയിച്ചുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-15 മരാമത്ത് പ്രവൃത്തി നടത്തിപ്പ് - പൊതു അവലോകനം.

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 51ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 152 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി.ഇതിൽ 101 പ്രൊജക്ടുകളാണ് തൻവർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ ഉൾപ്പെടുന്ന എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നത് മരാമത്ത് പ്രവൃത്തി നടത്തിപ്പിന്റെ മേൽനോട്ടം അസാദ്ധ്യമാക്കുന്നുണ്ട്. എഞ്ചിനിയറിംഗ് വിഭാഗം ജീവനക്കാരുടെ സാനിദ്ധ്യത്തിലാണ് മരാമത്ത് പ്രവൃത്തി നടത്തേണ്ടത് എങ്കിലും പ്രവൃത്തികളുടെ ആധിക്യം മൂലവും ജീവനക്കാരുടെ കുറവ് മൂലവും ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മരാമത്ത് പ്രവൃത്തികൾ നിശ്ചിത ഗുണനിലവാരത്തിൽ നടത്തുണ്ട് എന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം

എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത്. സബ് ബേസ് സൂണ്ടനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കുകയും കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല.വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ , മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഒന്നംതന്നെ ടാർ വാങ്ങിയ ബില്ല് സമർപ്പിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 225000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 225000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46,50 | 2003-04 | പൊതു പരാമർശം | 1)ഓഫീസ് കെട്ടിട നിർമ്മാണം<br>2)പാലത്തിങ്കൽ റോഡ് പുനരുദ്ധാരണം | Pending |
| 2000-01 | 31,38 | 2003-04 | | 1)ഡി ആന്റ് ഒ ലൈസൻസ്<br>2)സി എഫ് എൽ | Pending |
| 2011-12,12-13 | 3(1) | 2014-15 | പൊതു പരാമർശം | നിഷ്ക്രിയാസ്തികൾ അവലോകനം | pending |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 124835851.85 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96350579 |
| വരവിനങ്ങളിലുള്ള നഷ്ടം | 11590 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 407520 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11590 | | ശ്രീ ഇ.എം. അബ്ദുൽ അസീസ്, സെക്രട്ടറി |
| 3-1 | | 50000 | ശ്രീ. കെ ഗോപിനാഥൻ അസി.സെക്രട്ടറി |
| ആകെ | 11590 | 50000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 175000 | ശ്രീ. കെ.ഗോപിനാഥൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 139180 | ഡോ. അൽസാ മറിയം, ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-9 | 208500 | ശ്രീമതി. ജമീല സി.ഒ.ടി , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 59840 | ശ്രീ.ഇ.എം.അബ്ദുൾ അസീസ്, സെക്രട്ടറി |
| ആകെ | 407520 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ ഗോപിനാഥൻ അസി.സെക്രട്ടറി | വിരമിച്ചു | കുഞ്ഞാലിൽ (H) വാഴയൂർ ഈസ്റ്റ് രാമനാട്ടുകര |
| ശ്രീ ഇ.എം. അബ്ദുൽ അസീസ്, സെക്രട്ടറി | സെക്രട്ടറി , ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് | ബർക്കത്ത്, വട്ടപ്പറമ്പ്, ചാലിയം, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95, 1995-96 | എൽ.എഫ്.എം.6/2576/16 തിയ്യതി 03.12.2012 | 5 | |
| 1996-97 | എൽ.എഫ്.എം.13/737/98 തിയ്യതി 30-10-2010 | 5 | |
| 1997-98 | എൽ.എഫ്.എം.13/770/00 തിയ്യതി 30-10-2010 | 17 | |
| 1998-99 | എൽ.എഫ്.എം.6/2537/12 തിയ്യതി 03-12-2012 | 20 | |
| 1999-00 | എൽ.എഫ്.എം.12/196/02 തിയ്യതി 30-10-2010 | 12 | |
| 2000-01 | എൽ.എഫ്.എം.12/196/02 തിയ്യതി 30-10-2010 | 6 | |
| 2001-02 | എൽ.എഫ്.എം.7/738/03 തിയ്യതി 30-10-2010 | 17 | |
| 2002-03 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 11 | |
| 2004-05 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 8 | |
| 2005-06 | എൽ.എഫ്.എം.14/1394/08 തിയ്യതി 30-10-2010 | 9 | |
| 2006-07 | എൽ.എഫ്.എം.14/2113/12 തിയ്യതി 03.11.2012 | 17 | |
| 2007-08 | എൽ.എഫ്.എം.6/2079/10 തിയ്യതി 20-04-2011 | 12 | |
| 2008-09 | എൽ.എഫ്.എം.6/2433/12 തിയ്യതി 03-12-2012 | 5 | |
| 2009-10, 2010-11 | എൽ.എഫ്.എം. 6/2318/13 തിയ്യതി 07-12/2013 | 8 | |
| 2011-12, 2012-13 | എൽ.എഫ്.എം. 6/3375/14 തിയ്യതി 02.02.2015 | 16 | |

| | | | |
|---|---|---|---|
| 2013-14, 2014-15 | കെ.എസ്.എ എം.പി.എം 6/1627/2016 തി. 21.07.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം 6/3334/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 04-01-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

AUDIT CERTIFICATE

No. KSA/MPM/6/1627/2016

Kerala State Audit Department

District Office, Malappuram

E-mail: dompm.ksad@kerala.gov.in

Dated: 04-01-2017

Certified that I have Audited the Annual Financial Statement of Chelembra Grama Panchayat in Malappuram District for the years 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Chelembra Grama Panchayat for the years 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

mac